സ്വകാര്യ മേഖലയിലെ പട്ടികജാതി സംവരണം

331(1020) പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :

ശ്രീ. ആർ. രാജേഷ് :

ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1,18,822 എയ്ഡഡ് സ്കൂൾ അധ്യാപകരിൽ 356 പേരും (0.29%) 10,517 എയ്ഡഡ് കോളേജ് അധ്യാപകരിൽ 49 പേരും (0.46%) മാത്രമേ പട്ടികജാതിയിൽപ്പെട്ടവർ ഉള്ളുവെന്നത് കണക്കിലെടുത്ത് പ്രസ്തുത മേഖലയിൽ സംവരണം ഏർപ്പെടുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത വിഷയത്തിൽ കേരള ഹൈക്കോടതി എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ; പ്രസ്തുത ഉത്തരവ് പ്രകാരം സ്വീകരിച്ച നടപടികൾ അറിയിക്കുമോ ;

(സി) സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ സ്ഥിരം നിയമനം കുറയുകയും കരാർ നിയമനം വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കരാർ നിയമനത്തിലും സംവരണതത്വം ബാധകമാക്കുമോ ;

(ഡി) സ്വകാര്യ മേഖലയിൽകൂടി സംവരണം ഏർപ്പെടുത്തണമെന്ന ആവശ്യത്തോട് സർക്കാരിന്റെ നിലപാട് അറിയിക്കുമോ ?

ഉത്തരം

(എ) കേരള വിദ്യാഭ്യാസ നിയമം 1958 സെക്ഷൻ 11 പ്രകാരം സർക്കാരിന്റെ ചട്ടങ്ങൾക്കും നിബന്ധനകൾക്കും അനുസൃതമായി എയ്ഡഡ് സ്കൂളുകളിൽ അധ്യാപകരെ നിയമിക്കാനുള്ള അധികാരം മാനേജർമാരിൽ നിക്ഷിപ്തമാണ്. എയ്ഡഡ് സ്കൂൾ അധ്യാപക നിയമനങ്ങളിൽ സംവരണം നടപ്പാക്കുവാൻ സർക്കാർ നയപരമായി തീരുമാനമെടുത്തിട്ടില്ല. എയ്ഡഡ് കോളേജുകളിൽ സംവരണതത്വം പാലിക്കുന്നത് സംബന്ധിച്ച് തീരുമാനം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗ്രാന്റ് ഇൻ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം അനുവദിച്ചു നൽകണമെന്ന ബഹു. ഹൈക്കോടതിയുടെ 24-5-2015-ലെ 33205/10 നമ്പർ റിട്ട് പെറ്റിഷനിലെ വിധിന്യായത്തിനെതിരെ രണ്ട് എയ്ഡഡ് കോളേജ് മാനേജ്മെന്റുകൾ അപ്പീൽ നൽകുകയും ടി വിധിന്യായത്തിൽ സ്റ്റേ ഉത്തരവ് നിലനിൽക്കുകയും ചെയ്യുന്നതിനാൽ അന്തിമ തീരുമാനമായിട്ടില്ല.

(സി) കരാർ/ദിവസക്കൂലി നിയമനങ്ങളിൽ സംവരണം പാലിക്കേണ്ടതു സംബന്ധിച്ച് നിലവിൽ വ്യവസ്ഥകളൊന്നുമില്ല.

(ഡി) സ്വകാര്യ മേഖലയിൽ സംവരണതത്വങ്ങൾ പാലിക്കണമെന്ന് ഏകപക്ഷീയമായി സർക്കാരിന് നിലപാട് സ്വീകരിക്കുവാൻ കഴിയില്ല. പട്ടികജാതി/വർഗ്ഗക്കാരുടെ ക്ഷേമം ലക്ഷ്യമാക്കി അവർക്ക് അർഹതപ്പെട്ട സംവരണം സ്വകാര്യ മേഖലയിൽ നടപ്പിലാക്കുന്നതിന് വിശദമായി പഠനം നടത്തി ബന്ധപ്പെട്ട മേഖലകളിലുള്ളവരുമായി ചർച്ച നടത്തി അഭിപ്രായ സമന്വയത്തിൽ എത്തിച്ചേരേണ്ടതുണ്ട്.

പീരുമേട് ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിന് കമ്പ്യൂട്ടറുകൾ

332 (1021) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിന് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; ഇതിനായി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പീരുമേട് ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂളിന് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 2003-04 വർഷം 1,77,438 രൂപ അനുവദിക്കുകയും ആയതു പ്രകാരം സ്ഥാപനത്തിലേക്ക് 6 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുകയും ചെയ്തിട്ടുണ്ട്. കൂടാതെ പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേന 11 കമ്പ്യൂട്ടറുകൾ സ്ഥാപനത്തിൽ ലഭ്യമായിട്ടുണ്ട്. പീരുമേട് എം.ആർ.എസ്. ഉൾപ്പെടെ വകുപ്പിന്റെ കീഴിലുള്ള എല്ലാ എം.ആർ.എസ്സ്.-കളിലേക്കും ആവശ്യമുള്ള കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള ക്രോഡീകരിച്ച പ്രൊപ്പോസൽ ലഭ്യമാക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly